(ബി) പ്രതിമാസം എന്തു തുകയാണ് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ ലഭിച്ചിരുന്നത്;

(സി) സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധിപ്പിക്കുവാനുള്ള സാഹചര്യം വ്യക്തമാക്കുമോ;

(ഡി) എത്ര തുകയാണ് പ്രതിമാസം പ്രസ്തുത ഇനത്തിൽ ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ നിയോഗിച്ച നിയമ പരിഷ്കരണ സമിതിയുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കുവാൻ തീരുമാനമെടുത്തത്.

(ബി) സ്റ്റാമ്പ് ഡ്യൂട്ടി കുറയ്ക്കുന്നതിനു മുമ്പുള്ള ഒരു വർഷത്തെ ശരാശരി പ്രതിമാസ വരുമാനം 36.09 കോടി രൂപയായിരുന്നു.

(സി) ഭൂമിയുടെ ന്യായവില പിൻവലിച്ച സാഹചര്യത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി നിരക്കു വർദ്ധനയിലൂടെ മാത്രമേ വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കുകയുള്ളൂ എന്ന സാഹചര്യത്തിലാണ് ഇത്.

(ഡി) 31.51 കോടി രൂപയാണ് (2004-05-ലെ കണക്കനുസരിച്ച്) സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ലഭിക്കുന്ന ശരാശരി പ്രതിമാസ വരുമാനം.

എക്സൈസ് വകുപ്പിലൂടെയുള്ള വരുമാന വർദ്ധനവിനായി സ്വീകരിച്ച നടപടികൾ

30 [2496] ശ്രീ. കെ. പി. മോഹനൻ:

„ എ. സി. ഷൺമുഖദാസ് :

„ സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. അധികാരത്തിൽ വന്നതിനുശേഷം മദ്യവ്യവസായത്തിലൂടെ ഓരോ വർഷവും സർക്കാരിന് ലഭിച്ച വരുമാനം എത്രയാണ്; ലിസ്റ്റ് മേശപ്പുറത്ത് വയ്ക്കാമോ;

(ബി) ഈ സാമ്പത്തിക വർഷം എക്സൈസ് വകുപ്പിലൂടെയുള്ള വരുമാന വർദ്ധനവിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)

സാമ്പത്തിക വർഷം	വരുമാനം (കോടിയിൽ)
2001-02	534.09
2002-03	656.48
2003-04	663.55
2004-05 (2005 ഫെബ്രുവരി 28 വരെ)	555.43

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സാമ്പത്തിക വർഷം വരുമാന വർദ്ധനവിനായി എഫ്. എൽ. 3 ലൈസൻസ് ഫീസ് 15 ലക്ഷം രൂപയിൽ നിന്ന് ഏകീകൃത നിരക്കായ 18 ലക്ഷം രൂപയായി ഉയർത്തുകയുണ്ടായി.

കേരള ഡിസ്റ്റില്ലറി ആന്റ് വെയർഹൗസ് റൂളിൽ സ്പിരിറ്റ് ഉല്പാദിപ്പിക്കാനുള്ള ലൈസൻസ് (ഫോറം നം-1) ഫീസ് 10,000 രൂപയിൽ നിന്ന് 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഫോറം നം-2 (വിദേശമദ്യം കോംബൗണ്ടിംഗ്, ബ്ലെൻഡിംഗിനുള്ള ലൈസൻസ്) ലൈസൻസ് ഫീസ് 25,000 രൂപയിൽ നിന്ന് 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ഫോറം നം-3 (വിദേശമദ്യം ബോട്ടിലിംഗിനുള്ള ലൈസൻസ്) ഫീസ് 15,000 രൂപയിൽ നിന്ന് 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു.

കേരള ഫോറിൻ ലിക്കർ (കോംബൗണ്ടിംഗ്, ബ്ലെൻഡിംഗ് ആന്റ് ബോട്ടിലിംഗ്) റൂളിൽ, വിദേശമദ്യം കോംബൗണ്ടിംഗ്, ബ്ലെൻഡിംഗിനുള്ള ലൈസൻസ് (ഫോം 1) ഫീസ് 25,000 രൂപയിൽ നിന്ന് 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ബോട്ടിലിംഗിനുള്ള ലൈസൻസ് (ഫോം നം. 2) ഫീസ് 15,000 രൂപയിൽ നിന്ന് 50,000 രൂപയായി വർദ്ധിപ്പിച്ചു. സ്പിരിറ്റ് സൂക്ഷിക്കാനുള്ള ഫീസ് (ഫോം നം. 4) 3000 രൂപയിൽ നിന്ന് 50,000 രൂപയായി വർദ്ധിപ്പിച്ചു.

കേരള ബ്രുവറി റൂൾ പ്രകാരം, ബ്രുവറി ലൈസൻസ് (ഫോറം ബി 1) ഫീസ് 10,000 രൂപയിൽ നിന്ന് 1 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. ബീയർ ബോട്ടിൽ ചെയ്യുവാനുള്ള ലൈസൻസ് (ഫോറം ബി 1 എ) ഫീസ് 5,000 രൂപയിൽ നിന്ന് 50,000 രൂപയായി വർദ്ധിപ്പിച്ചു.

2004-05 വർഷം എഫ്. എൽ. 11-ന്റെ ലൈസൻസ് ഫീസ് 2,00,000 രൂപയിൽനിന്നും 3,00,000 രൂപയായും എഫ്. എൽ. 12-ന്റെ ലൈസൻസ് ഫീസ് 1, 50, 000 രൂപയിൽ നിന്നും 3,00,000 രൂപയായും എഫ്. എൽ. 13-ന്റെ ലൈസൻസ് ഫീസ് 5,000 രൂപയിൽ നിന്നും 50,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

കണ്ടുകെട്ടിയ വാഹനങ്ങൾ ലേലം ചെയ്യുന്നതിലുള്ള സമയപരിധി നിർണ്ണയിച്ച് തുടർനടപടികൾ സ്വീകരിച്ചതിനാൽ എക്സൈസ് കേസുകളിൽപ്പെട്ട് പിടിച്ചെടുക്കുന്ന വാഹനങ്ങൾ യഥാസമയം ലേലം ചെയ്ത് എക്സൈസ് വകുപ്പിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയുന്നുണ്ട്.

ചെക്കുപോസ്റ്റുകളിലെ പരിശോധന ശക്തിപ്പെടുത്തിയതിനാൽ കള്ളക്കടത്ത് ഒരു പരിധി വരെ നിയന്ത്രിക്കുവാനും നികുതിചോർച്ച തടയാനും കഴിഞ്ഞിട്ടുണ്ട്. ഇതിനായി പരിശീലനം കഴിഞ്ഞ "സ്നിഫർ ഡോഗിന്റെ" സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

മാഹിയിലേയ്ക്കുള്ള കടത്ത് പെർമിറ്റ് നൽകുന്നതിനുള്ള ഫീസ് 2500 രൂപയിൽനിന്നും 25,000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly